# കേരള സംസ്ഥാന സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

**(ഹാജർ: ജയൻ.സി)**

RCS/1981/2026-EA(5) തിരുവനന്തപുരം, തീയതി: 07-08-2026

വിഷയം: സഹകരണ വകുപ്പ്- ജീവനക്കാര്യം – സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:

1. സർക്കാരിന്റെ 20-01-2016 ലെ ജി.ഒ.(പി) 07/2016/ഫിൻ നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ 29.02.2024 തീയതിയിലെ RCS/3624/2023 EA(2) സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
3. പാലക്കാട് ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) ന്റെ 01.06.2026 തിയ്യതിയിലെ ഇ(1)/356/2026 നമ്പർ കത്ത്.
4. കൊല്ലം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 31.07.2026 തിയ്യതിയിലെ JRGKLM/2499/2026-E നമ്പർ കത്ത്.
5. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ 04.08.2026 തീയതിയിലെ RCS/1981/2026-EA(5) നമ്പർ ഉത്തരവ്.

പരാമർശം (1) ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയർ ഗ്രേഡ് തസ്തിക പുന:സ്ഥാപിക്കുകയും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകൾ തമ്മിലുള്ള അനുപാതം **1:1:1:1** എന്നതായി നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം സഹകരണ വകുപ്പിൽ പാലക്കാട് ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) ന്റെ നിയന്ത്രണത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. മഞ്ജുള കെ 30.04.2026 തീയതിയിൽ വിരമിച്ച സാഹചര്യത്തിലും പരാമർശം (4) പ്രകാരം കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ നിയന്ത്രണത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ബിന്ദു.കെ.കെ 31.05.2026 തിയ്യതിയിൽ വിരമിച്ച

സാഹചര്യത്തിലും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ രൂപപ്പെട്ട 2 ഒഴിവിൽ പരാമർശം (2) സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. റൈഹാനത്ത് ടി.പി യെയും, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. സിന്ധു. ജെ.-യെയും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ റേഷ്യോ പ്രമോഷൻ നൽകിയും പരാമർശം (5) ഉത്തരവ് റദ്ദ് ചെയ്തും ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**<u>ഉത്തരവ്</u>**

ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക്(**39300-83000** രൂപ ശമ്പള സ്കെയിലിൽ) ഉദ്യോഗകയറ്റം നൽകി നിലവിൽ ജോലി ചെയ്തു വരുന്ന നിയന്ത്രണ ഉദ്യോഗസ്ഥന്റെ കീഴിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയ ഉദ്യോഗസ്ഥർ</u>**

| ക്രമ നം. | പേരും തസ്തികയും | ജോലിയിൽ പ്രവേശിച്ച തീയതി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹമായ തീയതി | നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1. | **റൈഹാനത്ത് ടി.പി** സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 21.12.2016 | 01.05.2026 | ജോയിന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂർ |
| 2 | **സിന്ധു.ജെ** സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 19.12.2017 | 01.06.2026 | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) സഹകരണ സംഘം രജിസ്ട്രാർ ആഫീസ് |

(ഒപ്പ്)
Jayan C
DEPUTY REGISTRAR

വ്യക്തിയ്ക്ക് :(നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

**<u>പകർപ്പ്:-</u>**

1)ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),സഹകരണസംഘം രജിസ്ട്രാർ,ആഫീസ്
2)ജോയിന്റ് രജിസ്ട്രാർ (ജനറൽ), കണ്ണൂർ
3)ഫെയർകോപ്പി സെക്ഷൻ
4) അക്കൗണ്ട് സെക്ഷൻ
5) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

Digitally signed by
Manu. V. R
Date: 10-08-2026
10:50:29

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എ)